സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

June 2025
Vol. 1 Issue 4 pages 38-44

പാലൈ
PALAI பாலை
ISSN No: 3049-0316

# വിവേചനവും വിമോചനവും ആശാന്റെ വീക്ഷണത്തിൽ



ഡോ. അനില തോമസ് *

**സംഗ്രഹം**

സാമൂഹികവും നിയമപരവുമായ മാറ്റങ്ങൾ ഉണ്ടായിട്ടും ലോകമെമ്പാടുമുള്ള സമൂഹങ്ങളിൽ ഒരു പ്രശ്നമായിത്തുടരുന്ന വിവേചനം സമകാലിക ലോകത്തെ പ്രധാന ചർച്ചാവിഷയങ്ങളിൽ ഒന്നാണ്. വംശം, വർഗം, മതം, പ്രായം തുടങ്ങി വിവേചനത്തിന്റെ അടിസ്ഥാന സ്ഥിരാങ്കങ്ങൾ പലതുണ്ട്. ചരിത്രത്തിലുടനീളം മാരകമായ വിവേചനത്തിന്റെ ദുരന്തകഥകൾ വായിക്കാൻ കിട്ടും. സംസ്കാരത്തിനനുസരിച്ചാണ് അതവസാനിപ്പിക്കുവാനുള്ള പ്രതിവിധികൾ രൂപപ്പെടുന്നത്. ഒരു വ്യക്തിയുടെ പ്രാഥമികതലം മുതൽ ആത്യന്തികതലം വരെയുള്ള ഇച്ഛാവികാസത്തിനും പൂർത്തീകരണത്തിനും പ്രതിബന്ധമില്ലാത്ത അവസ്ഥയാണ് വിമോചനം, സ്വാതന്ത്ര്യം എന്നിവ ലക്ഷ്യം വയ്ക്കുന്നത്. അടിസ്ഥാനചോദനകൾ, മൗലികപ്രവണതകൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന ആന്തരിക വ്യക്തിത്വവും സാമൂഹികനിയന്ത്രണങ്ങൾക്കനുസരിച്ച വ്യവസ്ഥിതമായ ബാഹ്യവ്യക്തിത്വവും മനുഷ്യനുണ്ട്. ജാതി, മതം, വർഗം, വർണ്ണം, ലിംഗം, ദേശം, ഭാഷ, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസപ്രമാണങ്ങൾ തുടങ്ങിയവ മനുഷ്യന്റെ വിമോചനദാഹത്തെ പ്രശ്നവത്കരിക്കുന്നു. വ്യക്തിക്ക് അയാളുടെ കഴിവുകളും സർഗവാസനകളും വികസിക്കുവാൻ സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷം അനിവാര്യവുമാണ്. തന്റെയും സമൂഹത്തിന്റെയും നന്മയുക്തകുന്ന രീതിയിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും സമൂഹാംഗങ്ങൾക്ക് അവകാശം ലഭിക്കുന്ന അവസ്ഥ കൂടിയാണ്.

**താക്കോൽ വാക്കുകൾ:** വിമോചനം - വിവേചനം - സ്വരാജ് - സ്വാതന്ത്ര്യം

വിവേചനം ദുഃഖവും വിമോചനം മോക്ഷവുമാണെന്ന ഭാവാർത്ഥവിനിമയത്തിലേയ്ക്ക് കവിതയെ ആനയിച്ച കവിയാണ് കുമാരനാശാൻ. ആശാൻ വിമോചനത്തെക്കുറിച്ച് സ്വീകരിച്ച നിലപാടുകൾ പല വിധത്തിലുള്ള വിമർശനങ്ങൾക്കു വിധേയമായിട്ടുണ്ട്. ആശാൻ ജീവിച്ചിരുന്ന കാലത്തെ (1924 നു മുമ്പ്) ഇന്ത്യൻദേശീയതയുടെ ആത്മാവായിരുന്നു ബ്രിട്ടീഷ് ചക്രവർത്തിയോടും സാമ്രാജ്യത്തോടുമുള്ള ഭക്തിഭാവം. രാജാറാം മോഹൻ റോയി മുതൽ ഗോപാലകൃഷ്ണഗോഖലെ വരെയുള്ള ഉന്നതദേശാഭിമാനികളിൽ

* അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, അൽഫോൻസ കോളേജ് പാലാ. Mob: 9497323486

പലരും ബ്രിട്ടീഷ് ഭരണത്തിന്റെ ആരാധകരായിരുന്നു. ദീർഘകാലം തങ്ങളെ അടിമകളാക്കി അടക്കി ഭരിച്ചിരുന്ന മുസ്ലീങ്ങളിൽ നിന്നുള്ള മോചനത്തിന് ബ്രിട്ടീഷുകാർ വഴിയൊരുക്കിയെന്നതായിരുന്നു ഈ ബ്രിട്ടീഷ് ആഭിമുഖ്യത്തിന്റെ ഒരു കാരണം. പല തരത്തിലുള്ള ഉച്ചനീചത്വങ്ങൾ നിർത്തലാക്കാനും ബ്രിട്ടീഷ് ഭരണത്തിനു സാധിച്ചുവെന്നത് മറ്റൊരു കാരണമാണ്. നാട്ടുരാജ്യങ്ങളിലേതിനേക്കാൾ വ്യക്തിസ്വാതന്ത്ര്യവും സമത്വവും ഉറപ്പു നൽകുവാൻ ബ്രിട്ടീഷുകാർക്കു സാധിക്കുമെന്ന് ഇവർ പ്രതീക്ഷിച്ചിരിക്കാം. ബ്രിട്ടീഷ് രാജ്യഭക്തിയും രാജഭക്തിയും ആദ്യകാല കോൺഗ്രസ് നേതാക്കന്മാരുടെ പ്രസംഗങ്ങളിൽ പ്രകടമായിരുന്നു.

സ്വരാജ്യം' എന്ന വാക്ക് സ്വാതന്ത്ര്യം എന്ന അർത്ഥത്തിൽ ആശാന്റെ കാലത്ത് പ്രയോഗിക്കപ്പെട്ടിരുന്നില്ല. സ്വയംഭരണം (self Goverment within the empire) എന്നാണ് 'സ്വരാജ്' എന്നതുകൊണ്ട് വിവക്ഷിച്ചിരുന്നത്. ലോകമാന്യതിലകനാണ് ഇന്ത്യയുടെ മോക്ഷോപായം 'സ്വരാജാ'ണെന്നു ആദ്യമായി പ്രഖ്യാപിച്ചത്. ഈ സ്വരാജും സ്വാതന്ത്ര്യവും ഒന്നല്ല. ബ്രീട്ടീഷ് സാമ്രാജ്യത്തിൽ നിന്നും വേർപെടുത്തിക്കൊണ്ടുള്ള ഒരിന്ത്യയെ അദ്ദേഹവും വിഭാവനം ചെയ്തിരുന്നില്ല സ്വരാജ് പ്രമേയത്തിന്റെ പേരിൽ സൂറത്ത് കോൺഗ്രസ് പിളർന്നപ്പോൾ പോലും തിലകൻ പൂർണ്ണസ്വാതന്ത്ര്യത്തിനെതിരായിരുന്നു. ഇതിൽ നിന്ന് സ്വരാജും സ്വാതന്ത്ര്യവും രണ്ടു ഭിന്ന ആശയങ്ങളെ പ്രതിനിധീകരിച്ചിരിക്കുന്നു എന്നു വ്യക്തമാണ്.

### കേരളീയ പശ്ചാത്തലം

അവർണ്ണസമുദായങ്ങളെ തീണ്ടാപ്പാടകലം കലപിച്ച് അകറ്റി നിർത്തിയിരുന്ന സവർണ്ണമേധാവിത്വം നിറഞ്ഞ തിരുവതാംകൂറിൽ ബ്രിട്ടീഷുകാരുടെ അടിമത്തം ഒരു പ്രത്യക്ഷാനുഭവമായിരുന്നില്ല. അതേസമയം ബ്രിട്ടീഷുകാർ നേരിട്ടു ഭരിച്ചിരുന്ന മലബാറിൽ അവർണ്ണ സമുദായക്കാർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ ഉയർന്ന പദവിയിലെത്താൻ സാധിച്ചിരുന്നു. ആശാൻ ജീവിച്ചിരുന്ന കാലത്തെ തിരുവിതാംകൂർ, ദേശീയബോധത്തിനു പൂർണ്ണമായും ഊഷരമായിരുന്നു. കേരളത്തെ ഒന്നായെടുത്താലും സ്ഥിതി ഏറെ വ്യത്യസ്തമായിരുന്നില്ല. കോൺഗ്രസിന്റെ സന്ദേശം പ്രചരിപ്പിക്കാൻ നടത്തിയ ആദ്യ സമ്മേളനം മലബാറിൽ നടന്നത് 1910 ലാണ്. 1921-ൽ മാത്രമാണ് അഖിലകേരളാടിസ്ഥാനത്തിലുള്ള കോൺഗ്രസ് സമ്മേളനം ഒറ്റപ്പാലത്ത് നടക്കുന്നത്. ഈയൊരു പശ്ചാത്തലത്തിലാണ് ആശാന്റെ വിമോചനസങ്കല്പത്തെയും ബ്രിട്ടീഷുകാരോടുള്ള സമീപനത്തെയും വിലയിരുത്തേണ്ടത്.

കുമാരനാശാന്റെ കാവ്യങ്ങളിൽ വിമോചനം എന്ന ആശയം പല രൂപത്തിൽ ആവിഷ്കൃതമാകുന്നുണ്ട്. അവർണ്ണർ അനുഭവിച്ചിരുന്ന എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാനകാരണം ജാതീയതയാണെന്ന് ആശാൻ തിരിച്ചറിഞ്ഞിരുന്നു. അതിനാൽ ജാതിവ്യവസ്ഥ എന്ന ബന്ധനത്തിൽ നിന്നു മോചനം നേടാനുള്ള വെമ്പൽ അദ്ദേഹത്തിന്റെ ആത്മഭാവത്തിന്റെ ഘടകമായിരുന്നു. താഴ്ന്ന ജാതിക്കാരനായി ജനിച്ചതുകൊണ്ടുമാത്രം ഒരാൾക്ക് നിഷേധിക്കപ്പെട്ടിട്ടുള്ള പൗരാവകാശങ്ങൾ പുനഃസ്ഥാപിക്കാനാണ് ആശാൻ ശ്രമിച്ചിരുന്നത്. സമൂഹത്തിന്റെ താഴേക്കിടയിലുള്ള ജനലക്ഷങ്ങൾക്ക് സാമൂഹിക സമത്വം ലഭിക്കാതെ ഭാരതത്തിന് യഥാർത്ഥ വിമോചനം ലഭിക്കുകയില്ലെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. പരുഷമായ ജീവിതയാഥാർത്ഥ്യങ്ങളുടെ കയ്പറിഞ്ഞ് തലമുറകളായി ജീവിച്ചുവന്ന ഒരു സമൂഹത്തിന്റെ പ്രതിനിധിയായ കുമാരനാശാനെ സംബന്ധിച്ചിടത്തോളം വെളുത്ത വർഗ്ഗക്കാരിൽ നിന്നും കറുത്ത വർഗ്ഗക്കാരിലേക്ക് കൈമാറുന്ന കേവലം അധികാരമായിരുന്നില്ല സ്വാതന്ത്ര്യം. 1083 മിഥുനത്തിൽ പ്രസിദ്ധീകരിച്ച 'ഒരു തീയക്കുട്ടിയുടെ വിചാരം' എന്ന കവിതയിൽ ഉദ്ഗതിക്കുള്ള ഏകമാർഗ്ഗമായ വിദ്യാഭ്യാസത്തിനുള്ള വഴിയടഞ്ഞുപോയ സ്വസമുദായത്തിന്റെ ദയനീയാവസ്ഥയിൽ ഹൃദയം തകർന്ന ഒരു തീയക്കുട്ടിയുടെ വിചാരഗതികളാണ് പ്രതിഫലിക്കുന്നത്.

"വിദ്യാവിഹീനത വരട്ടെയിവർക്കു മേലി-
ലുദ്യോഗവും ബലവുമങ്ങനെ പോട്ടെയെന്നാം
വിദ്യാലയം ചിലരഹോ തടയുന്നു നാട്ടിൽ
വിദ്യാർത്ഥി മന്ദിരമതും ചില നിഷ്കൃപന്മാർ"
(കുമാരനാശാൻ, എൻ. കുമാരനാശാന്റെ സമ്പൂർണ്ണ കൃതികൾ (ഭാഗം II ), 322)

 ISSN No: 3049-0316 

എന്നീ വരികളിൽ അക്കാലത്ത് അവർണ്ണരനുഭവിച്ചിരുന്ന പ്രധാന പ്രശ്നങ്ങൾ സൂചിതമാകുന്നുണ്ട്. വിമോചനത്തെ നിശ്ചയിക്കുന്നതിൽ അധികാരം, സമ്പത്ത്, വിജ്ഞാനം - എന്നിവയ്ക്ക് സുപ്രധാനമായ പങ്കുണ്ട്. ഇതിന്റെ അഭാവം ഭൗതികവും മാനസികവുമായ അടിമത്തത്തിലേക്ക് നയിക്കും. അതുകൊണ്ടാണ് വിദ്യകൊണ്ടു നേടുന്ന പ്രബുദ്ധത ആശാൻ സർവ്വപ്രധാനമായി കരുതിയത്.

'ഒരു തീയക്കുട്ടിയുടെ വിചാര'ത്തിലെ

“എന്തിനു ഭാരതധരേ! കരയുന്നു? പാരതന്ത്ര്യ നിനക്കു വിധികല്പിതമാണു തായേ,
ചിന്തിക്ക, ജാതിമദിരാന്ധ, രടിച്ചു തമ്മിലന്തപ്പെടും തനയനെന്തിനയേ സ്വരാജ്യം"

(കുമാരനാശാൻ, എൻ., കുമാരനാശാന്റെ സമ്പൂർണ്ണ കൃതികൾ (ഭാഗം II), 322)

എന്ന ശ്ലോകം ഉദ്ധരിച്ചാണ് ചില വിമർശകർ ആശാനെ സ്വാതന്ത്ര്യവിരുദ്ധനായി ചിത്രീകരിക്കുന്നത്. പ്രസ്തുത ശ്ലോകത്തിന്റെ പൂർവ്വാർദ്ധത്തിൽ ഭാരതാംബ പാരതന്ത്ര്യം മൂലം കരയുന്നതായാണ് കവി ചിത്രീകരിച്ചിരിക്കുന്നത്. തന്റെ അവസ്ഥയോർത്ത് വിലപിക്കുന്ന ആ മാതാവിനെ ആശ്വസിപ്പിക്കുവാൻ കവി പറയുന്നതാണ് തുടർന്നുള്ള ഭാഗം. ജാതിമദത്താൽ അന്ധരായ തനയർ തമ്മിലടിക്കുമ്പോൾ എന്തിനാണു സ്വരാജ്യമെന്നും പാരതന്ത്ര്യം ഭാരതത്തിനു വിധികല്പിതമാണെന്നു കവി പറയുന്നു. ജാതിമതമാത്സര്യങ്ങളുപേക്ഷിച്ച് തനയർ ഒന്നാകുന്ന അവസ്ഥയിലേ ഭാരതത്തിനു വിമോചനം യാഥാർത്ഥ്യമാകു എന്നതാണ് കവിയുടെ വിവക്ഷ. ജാതിയുടെയും മതത്തിന്റെയും പേരിൽ തമ്മിലടിച്ചു നശിക്കുന്നവർക്ക് എന്തിനാണു സ്വാതന്ത്ര്യം എന്നു ചോദിക്കുന്നതിന് സ്വാതന്ത്ര്യം വേണ്ട എന്ന അർത്ഥമില്ല.

'ഒരു തീയക്കുട്ടിയുടെ വിചാരം' രചിച്ചതിനു ശേഷം കുറെക്കാലം കഴിഞ്ഞ് വൈക്കം സത്യാഗ്രഹകാലത്ത് ഗാന്ധിജി, "ആറേഴുകോടി ജനങ്ങൾക്കു സഞ്ചാരസ്വാതന്ത്ര്യം തുടങ്ങിയ പ്രാഥമികാവകാശങ്ങൾ നിഷേധിച്ചു നൂറ്റാണ്ടുകളായി അവരെ അടിമകളാക്കി വച്ചു പോരുന്ന ഇന്ത്യാക്കാർ സ്വാതന്ത്ര്യം അർഹിക്കുന്നില്ല” (ശ്രീധരൻ, സി.പി, കുമാരനാശാന്റെ സ്വാതന്ത്ര്യദർശനം', ഭാഷാപോഷിണി, ഒക്ടോബർ-നവംബർ, 1980, പുറം 91) എന്നു ആശാനേക്കാൾ ശക്തമായ ഭാഷയിൽ പ്രസ്താവിക്കുമ്പോൾ അതിന്റെയർത്ഥം അദ്ദേഹം സ്വാതന്ത്ര്യത്തിനെതിരായിരുന്നുവെന്നല്ലല്ലോ.

'ഒരു തീയക്കുട്ടിയുടെ വിചാരം' പ്രസിദ്ധപ്പെടുത്തി രണ്ടു വർഷം കഴിഞ്ഞപ്പോൾ തിരുവിതാംകൂറിലെ എല്ലാ സമുദായത്തിൽപ്പെട്ടവർക്കും വിദ്യാഭ്യാസസ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവുണ്ടായി. ഈ നിയമത്തെ നിശിതമായി വിമർശിച്ചുകൊണ്ട് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള എഴുതുന്നതിപ്രകാരമാണ്. "ആചാരകാര്യത്തിൽ സാർവ്വജനീനമായ സമത്വം അനുവദിക്കപ്പെടണമെന്നു വാദിക്കുന്നവർ ആ ഒരു സംഗതിയെ ആധാരമാക്കിക്കൊണ്ട് പാഠശാലകളിൽ കുട്ടികളെ അവരുടെ വർഗ്ഗീയ യോഗ്യതകളെ വകതിരിക്കാതെ നിർഭേദം ഒരുമിച്ചിരുത്തി പഠിപ്പിക്കുന്നതിനെ അനുകൂലിക്കാൻ ഞങ്ങൾ യുക്തി കാണുന്നില്ല. എത്രയോ തലമുറകളായി ബുദ്ധിയെ കൃഷി ചെയ്തു വന്നിട്ടുള്ള ജാതിക്കാരേയും അതിനേക്കാൾ ഏറെ തലമുറകളായി നിലം കൃഷി ചെയ്തു വന്നിരുന്ന ജാതിക്കാരെയും തമ്മിൽ ബുദ്ധികൃഷി കാര്യത്തിന് ഒന്നായി ചേർക്കുന്നത് കുതിരയെയും പോത്തിനെയും ഒരേ നുകത്തിൽ കെട്ടുകയാകുന്നു." (രാമകൃഷ്ണപിള്ള. കെ, സ്വദേശാഭിമാനി 1083 കുംഭം 19 - പുറം 19)

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെപ്പോലെ പ്രജാഭരണത്തിനും സ്വയം ഭരണത്തിനും വേണ്ടി വാദിച്ചിരുന്ന പ്രബുദ്ധനായ ഒരു പത്രാധിപർ ഈഴവരെയും മറ്റധഃകൃത വിഭാഗക്കാരെയും ഹിന്ദുക്കളോടൊപ്പം പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിന് എതിരായിരുന്നുവെങ്കിൽ സാധാരണക്കാരായ സവർണ്ണരുടെ മനോഭാവം എങ്ങനെയായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഇത്തരമൊരു സാഹചര്യത്തിൽ സവർണ്ണ ഹിന്ദുക്കൾക്ക് രാഷ്ട്രീയാധികാരം ലഭിക്കണമെന്ന് ആശാനെപ്പോലൊരു അധഃസ്ഥിതവിഭാഗ നേതാവ് ആഗ്രഹിച്ചില്ലെങ്കിൽ അദ്ദേഹത്തെ കുറ്റപ്പെടുത്താനാവില്ല.

ഹിന്ദു രാജാക്കന്മാരും സവർണ്ണ ഹിന്ദുക്കളും ഭരണം നടത്തുന്ന സ്വരാജ്യത്തേക്കാൾ താണ ജാതികൾക്ക് നല്ലത് ബ്രിട്ടീഷ് ഭരണമാണെന്ന് അംബേദ്ക്കറെപ്പോലെതന്നെ ആശാനും

വിശ്വസിച്ചിരുന്നു. താണജാതിക്കാരായ കുട്ടികൾ സർക്കാർ പള്ളിക്കൂടങ്ങളിൽ പോയി പഠിക്കുന്നതിന്റെ പേരിൽ പോലും വർഗ്ഗീയ ലഹളകളുണ്ടാകുന്ന ഒരു രാജ്യത്തിന്റെ ഭാവി ജാതിവ്യവസ്ഥ നിലനിർത്തുക ധർമ്മമായി കരുതുന്ന മേൽജാതി ഭരണവർഗ്ഗക്കാരുടെ കൈയിൽ എന്തായിത്തീരുമെന്ന് ആശാൻ ഭയപ്പെട്ടതിൽ അസ്വഭാവികമായിട്ടൊന്നുമില്ല. "കോടാനുകോടി ഭാരതീയരെ അധഃസ്ഥിതരായി പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥയാണ് ഭാരതത്തിന്റെ ദുഃസ്ഥിതിക്കു കാരണമെന്നും ഈ ചുറ്റുപാടിൽ ബ്രിട്ടീഷുകാരിൽ നിന്ന് സ്വാതന്ത്യം ലഭിച്ചാൽ രാജ്യത്തിന്റെ നിയന്ത്രണം സവർണ്ണരിൽ നിക്ഷിപ്തമാകുകയും അയിത്തജാതിക്കാരായ ജനലക്ഷങ്ങൾ മൃഗങ്ങളേക്കാൾ നികൃഷ്ടരായി കഴിഞ്ഞുകൂടുന്ന ദയനീയാവസ്ഥ തുടരുകയും ചെയ്യുന്ന അവസ്ഥയിൽ 'എന്തിനാണമ്മേ സരാജ്യമെന്ന് തീയക്കുട്ടി മനംനൊന്ത് ചോദിച്ചതിന്റെ അർത്ഥം സ്വരാജ്യം വേണ്ടയെന്നല്ല എല്ലാവർക്കും സമത്വം ലഭിക്കുന്ന സ്വാതന്ത്ര്യം അനുഭവിക്കാൻ സാധിക്കുന്ന ഇടമാണ് സ്വരാജ്യമെന്ന ധീരമായ കാഴ്ചപ്പാടാണ് ആവിഷ്കൃതമാകുന്നത്" (പ്രിയദർശൻ. ജി, ദേശീയത ആശാൻ കവിതയിൽ - ആശാൻ പഠനങ്ങൾ, ശാരദാ ബുക് ഡിപ്പോ, തോന്നയ്ക്കൽ 1977, പുറം 49).

## ബ്രിട്ടീഷുകാരോടുള്ള സമീപനം

ആദ്യകാല കോൺഗ്രസ് നേതാക്കളെപ്പോലെ ആശാനും ബ്രിട്ടീഷ് അനുകൂല മനോഭാവമാണ് പ്രകടിപ്പിച്ചിരുന്നത്. അതിന് അദ്ദേഹത്തിന്റേതായ പല കാരണങ്ങളുണ്ട്. ഹിന്ദു ഭരണാധിപന്മാർ സനാതന ധർമ്മസംരക്ഷണത്തിന്റെ മറവിൻ മനുഷ്യരോടു പുലർത്തിയിരുന്ന ക്രൂരവും അപഹാസ്യവുമായ വിവേചനം പ്രാകൃതമായിരുന്നു. തിരുവതാംകൂർ ഉൾപ്പെടെയുള്ള ഹൈന്ദവരാജ്യങ്ങളിലെ ഭരണാധികാരികൾ ബഹുഭൂരിപക്ഷം വരുന്ന താഴ്ന്ന ജാതികളെ അടിമകളാക്കുന്നതിലും സഞ്ചരിക്കുവാനും ഭക്ഷിക്കുവാനും ആരാധിക്കാനുമുള്ള അവരുടെ അവകാശങ്ങൾ നിഷേധിക്കുന്നതിലും ധർമ്മസംഹിതകളുടെ പിൻബലം കണ്ടെത്തിയിരിക്കുന്നു. എന്നാൽ ബ്രിട്ടീഷുകാരുടെ ആധിപത്യം മൂലം വന്നുചേർന്ന പുതിയ നീതിബോധം പഴയ 'കീഴ് വഴക്ക'ങ്ങൾക്കും 'നടപ്പിനും ഇളക്കം തട്ടിച്ചു. ഹിന്ദു ഭരണാധിപന്മാരുടെ കീഴിൽ അവർണ്ണർക്കു നിഷേധിച്ചിരുന്ന വഴിനടക്കാനും പഠിക്കാനും ചിന്തിക്കാനും സന്യസിക്കാൻ പോലുമുള്ള അവകാശം ബ്രീട്ടീഷ് ഗവൺമെന്റ് നല്കി. ജാതിഭേദം കൂടാതെ ഒരു മനുഷ്യന് എത്ര ഉയർന്ന പദവിയിലും എത്തിച്ചേരാമെന്ന് ബ്രിട്ടീഷ് ഭരണം തെളിയിച്ചു. അതുകൊണ്ട് ബ്രിട്ടീഷ് ആധിപത്യം ഇന്ത്യയെപ്പോലെ കലഹപ്രിയരായ രാജാക്കന്മാരും ശിഥിലപ്രകൃതിക്കാരായ ജനങ്ങളുമുള്ള ഒരു രാജ്യത്തിന്റെ ഏകീകരണത്തിന് ചരിത്രപരമായ ഒരാവശ്യമായിരുന്നു എന്ന വിശ്വാസക്കാരനായിരുന്നു ആശാൻ.

ബ്രിട്ടീഷ് ഭരണത്തിന്റെ മേന്മ ആശാൻ പല സന്ദർഭങ്ങളിലും ഉയർത്തിപ്പിടിച്ചിട്ടുണ്ട്. 'വിവേകോദയ'ത്തിലെ പല മുഖപ്രസംഗങ്ങളും ആശാന്റെ ബ്രിട്ടീഷ് ആഭിമുഖ്യം വ്യക്തമാക്കുന്നു. ഈസ്റ്റിന്ത്യാക്കമ്പനിയിൽ നിന്നും ബ്രിട്ടീഷ് ചക്രവർത്തിനി അധികാരം ഏറ്റെടുത്തുകൊണ്ട് നടത്തിയ രാജകീയ വിളംബരത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ ആശാനെഴുതിയ മുഖപ്രസംഗത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "ഈ അല്പകാലത്തെ ബ്രിട്ടീഷ് ഭരണംകൊണ്ട് ഇന്ത്യക്കു സിദ്ധിച്ച അപരിമേയങ്ങളായ പരിഷ്കാരങ്ങൾ നമ്മുടെ പൂർവ്വികർക്ക് സ്വപ്നേപി അജ്ഞാതങ്ങളാകുന്നു. നാമിപ്പോൾ അനുഭവിക്കുന്ന സമാധാനവും സ്വാതന്ത്ര്യവും മറ്റൊരു ഭരണത്തിൻ കീഴിലും നാം അറിഞ്ഞിട്ടുള്ളതല്ല. നമുക്കിപ്പോൾ നല്കപ്പെട്ടിരിക്കുന്ന വിദ്യാഭ്യാസം പ്രകാശമാനമായ ഒരു പുതിയ ലോകത്തെ നമുക്കായി സൃഷ്ടിച്ചിരിക്കുന്നു. അതിന്റെ അത്ഭുതകരമായ പ്രചാരം നമ്മുടെ രാജ്യത്തിന്റെ കോണുകളിൽ ഒതുങ്ങിയ അന്ധകാരത്തെക്കൂടി അതിവേഗത്തിൽ അകറ്റുകയും അനേകകോടി മൃഗങ്ങളെക്കൂടി മനുഷ്യരാക്കുകയും ചെയ്തിരിക്കുന്നു. ബ്രിട്ടീഷ് ഭരണനയം നമ്മുടെ അത്യുൽകൃഷ്ടമായ മതത്തിൽ നമുക്ക് അവ്യാഹതമായ സ്വാതന്ത്ര്യത്തെ അനുവദിക്കുകയും എന്നാൽ പൈശാചികങ്ങളായ അനാചാരങ്ങളെയും അഴിമതികളെയും നിരോധിക്കുകയും ക്രൂരമായ ജാതിസർപ്പത്തിന്റെ വിഷപ്പല്ലുകളെ പറിച്ചുകളയുകയും ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ വിനാശോന്മുഖമായിരിക്കുന്ന നമ്മുടെ പ്രിയമേറിയ ഇന്ത്യയെ ഉദ്ധരിക്കുവാൻ കൃപാലുവായ ഈശ്വരനാൽ അയയ്ക്കപ്പെട്ടതാണ് ബ്രിട്ടീഷ് ശക്തി.നമ്മുടെ രാജ്യത്തിന്റെ ശാശ്വത യോഗക്ഷേമത്തിനായി ആ മഹാനുഭാവയുടെ ഔരസ സന്താനപരമ്പരകൾ ആചന്ദ്രതാരം ഈ രാജ്യത്തെ നിർബാധം ഭരിക്കുന്നതിനു

 ISSN No: 3049-0316 

ധർമൈകസ്വരൂപനായ ഈശ്വരൻ കടാക്ഷത്തെ വർഷിക്കുമാറാകട്ടെ. (കുമാരനാശാൻ, എൻ. വിവേകോദയം, 1084 തുലാം) നൂറ്റാണ്ടുകളായി ജാതിവ്യവസ്ഥയുടെ രൂക്ഷത അനുഭവിച്ചുകൊണ്ടിരുന്ന അവശസമുദായങ്ങൾക്ക് അറിവിന്റെയും സ്വാതന്ത്ര്യത്തിന്റെയും വഴിതെളിച്ച ബ്രിട്ടീഷ് ഭരണത്തോടുള്ള ആശാന്റെ നിർവ്യാജഭക്തി വെളിവാക്കുന്നതാണ് ഈ വരികൾ.

ഇന്ത്യയെ സ്വദേശീയർ തന്നെ ഭരിക്കാൻ നിയുക്തരായാൽ 150 ൽ പരം വർഷത്തെ ഇംഗ്ലീഷ് ഭരണത്തിൽ നാം മുന്നോട്ടുവന്നിട്ടുള്ള മാർഗ്ഗമത്രയും പിന്നോട്ടു നടക്കേണ്ടിവരും എന്നായിരുന്ന ആശാന്റെ അഭിപ്രായം: 'സ്വരാജ് വഴക്ക്' എന്ന ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ അഭിപ്രായപ്പെടുന്നു. "ജാതിവ്യത്യാസം ഇന്ത്യയിൽ ബലമായി സ്ഥിതിചെയ്യുന്ന കാലത്തോളം സ്വരാജ്യഭരണത്തിന് അന്യസഹായം കൂടാതെ ഇന്ത്യക്കാർ യോഗ്യന്മാരായിത്തീരുന്നതല്ല. ഇപ്പോഴത്തെ ഭരണത്തിൽ എല്ലാ ജാതിക്കാർക്കും ഒന്നുപോലെ അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണകർത്താക്കൾ അനുവദിക്കുമെന്ന് വിശ്വസിക്കാൻ മാർഗം കാണുന്നില്ല" (കുമാരനാശാൻ, എൻ., വിവേകോദയം, 1083 തുലാം) നമ്മുടെ അഭ്യുദയത്തിനുള്ള മാർഗ്ഗങ്ങൾ' എന്ന ലേഖനത്തിലും ഇതേ ആശയം പ്രകടമാണ്.

ഒന്നാം ലോകമഹായുദ്ധം നടക്കുന്ന സാഹചര്യത്തിൽ ബ്രിട്ടീഷുകാരെ തുണയ്ക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് 'തീയർ പട്ടാളം' എന്ന ലേഖനത്തിൽ ആശാനെഴുതിയത് ഇപ്രകാരമാണ്. സ്വരാജ്യത്തെ ജാതിജയിലിന്റെ ഇരുട്ടറകളിൽ നിന്നു ഒരു വിധം തങ്ങളെ മോചിപ്പിച്ചു പ്രകാശലോകത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്ന ബ്രിട്ടീഷ് ഭരണത്തിന്റെ നിലനില്പിനും ഖ്യാതിക്കുമായി തീയർ തങ്ങളുടെ ജീവധനങ്ങളാൽ സാധ്യമായ യാതൊന്നും ചെയ്‌വാൻ മടിക്കുകയില്ലെന്നാണു ഞങ്ങളുടെ വിശ്വാസം. " (കുമാരനാശാൻ, എൻ., കുമാരനാശാൻ സമ്പൂർണ്ണകൃതികൾ (ഭാഗം 4) കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട് തോന്നയ്ക്കൽ, 2011, പുറം 764-765)

മലബാറിലും തിരുവിതാംകൂറിലും സ്വജനങ്ങൾക്കുണ്ടായ അനുഭവങ്ങൾ വിലയിരുത്തിയാണ് ആശാൻ ബ്രിട്ടീഷ് ഭരണത്തെപ്പറ്റിയുള്ള അഭിപ്രായം രൂപീകരിച്ചത്. 'തീയരും യുദ്ധവും 'എന്ന ലേഖനത്തിൽ "മലബാറിലെ തീയർ സഹോദരങ്ങളുടെ സ്ഥിതിക്ക് ഇപ്പോൾ കാണുന്ന ആശാസ്യമായ മാറ്റം ബ്രിട്ടീഷ് ഗവൺമെന്റിന്റെ നിഷ്പക്ഷനയം ഒന്നുമാത്രം കൊണ്ടുണ്ടായിട്ടുള്ളതാണല്ലോ. ബ്രിട്ടീഷ് ഭരണം മലബാറിൽ ആരംഭിച്ച ആദ്യകാലം തുടങ്ങിത്തന്നെ ഏതു വകുപ്പിലും നാട്ടുകാർക്കു കിട്ടാവുന്ന ഏതു തരം ഉദ്യോഗങ്ങളും അവർക്കു ധാരാളം കിട്ടുകയും അവർ അതിനെ തങ്ങൾക്കും ഗവൺമെന്റിനും യശസ്കരമായ വിധത്തിൽ അസാധാരണമായ കൃത്യനിഷ്ഠയോടും സത്യസന്ധതയോടും കൂടി ഭരിച്ച് ഗവൺമെന്റിന്റെ വിശ്വാസബഹുമാനങ്ങൾക്കും ജനങ്ങളുടെ തൃപ്തിക്കും ഒന്നുപോലെ അർഹരായിത്തീർന്നു പേരെടുക്കുകയും ചെയ്തിരിക്കുന്നു. ബ്രിട്ടീഷ് പോലീസ് സൈന്യത്തിൽ തീയരുടെ പ്രാചുര്യം പ്രസിദ്ധമാണ്. ഇതിനു പുറമേ ബ്രിട്ടീഷ് വാളണ്ടിയർ സംഘത്തിൽ ഹിന്ദുക്കളിൽ മറ്റു ജാതിക്കാരെ ചേർക്കാൻ വൈമുഖ്യം കാണിച്ച കാലത്തുതന്നെ തീയരെ ധാരാളം ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് ഗവൺമെന്റിന് അവരുടെ മേലുള്ള വിശ്വാസത്തിന്റെ പ്രത്യേക ചിഹ്നമായി കരുതേണ്ടതാകുന്നു." (കുമാരനാശാൻ, എൻ., കുമാരനാശാൻ സമ്പൂർണ്ണകൃതികൾ (ഭാഗം 4) കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്. തോന്നയ്ക്കൽ, 2011, പുറം 760) ഈ സമയം തിരുവതാംകൂറിൽ പോലീസ് കോൺസ്റ്റബിളായിട്ട് ഒരു ഈഴവനെ നിയമിച്ചു കിട്ടാൻ ആശാന് എത്രയോ നിവേദനങ്ങൾ നല്കേണ്ടിവന്നു. ബ്രിട്ടീഷ് ഗവൺമെന്റിന്റെ ജാതിയോടുള്ള സമീപനവും സാർവ്വത്രിക വിദ്യാഭ്യാസ നയവുമാണ് ആശാനെ അവരുടെ ആരാധകനാക്കിയത്.

കവിതകളിലൂടെയും ആശാൻ തന്റെ ബ്രിട്ടീഷ് ആഭിമുഖ്യം പ്രകടിപ്പിച്ചിട്ടുണ്ട് 1912-ൽ ഡൽഹിയിൽ വച്ച് ജോർജ് അഞ്ചാമന്റെ കിരീടധാരണം നടന്നപ്പോൾ ആശാൻ 'ഡൽഹി കിരീടധാരണം' എന്ന പേരിലൊരു കവിത 1087 കന്നി-തുലാം ലക്കം 'വിവേകോദയ'ത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ബ്രിട്ടീഷ് ഭരണത്തെ പരസ്യമായി വാഴ്ത്തുന്ന പ്രസ്തുത കവിതയിൽ ധർമ്മോദ്ധാരണത്തിനുടലെടുത്ത അവതാര പുരുഷനായും 'ഹരിയപര'നായും ചക്രവർത്തിയെ ആശാൻ വിശേഷിപ്പിക്കുന്നുണ്ട്. ബ്രിട്ടീഷുകാരുടെ ഭരണം മൂലമുണ്ടായ ഗുണങ്ങൾ അനുഭവിക്കാൻ കഴിഞ്ഞ അവർണ്ണസമുദായ നേതാവിന്, ദേശീയത ഒരു വികാരമായി രൂപപ്പെട്ടിട്ടില്ലാത്ത ഒരു നാട്ടുരാജ്യത്തെ പൗരന് ബ്രിട്ടീഷ് ചക്രവർത്തിക്കു ജയഗീതം പാടാൻ തോന്നിയതിൽ അസാധാരണമായൊന്നുമില്ല. ബ്രിട്ടീഷ് ഇന്ത്യയിൽ എല്ലാത്തരം കവികളും

ISSN No: 3049-0316


ഇത്തരം സ്തുതിഗീതങ്ങൾ രചിച്ചിരുന്നു. 'ദുരവസ്ഥ'യിലും ബ്രിട്ടീഷ് അധികാരത്തോടുള്ള മമതയും വിശ്വാസവും ആശാൻ പ്രകടിപ്പിച്ചിട്ടുണ്ട്.

“പിന്നെയധികാര കേന്ദ്രങ്ങൾക്ക് മൂലമായി
മന്നവൻ തങ്ങളെ യാംഗലേശൻ
ഉത്സാഹിപ്പിച്ചെന്നുമാം പതിത പ്രജാവത്സലൻ ഭാരതസാർവ്വഭൗമൻ
അകൃപാമൂർത്തിതൻ ധർമ്മത്തിലൊന്നുപോൽ

ചെൽക്കൊള്ളുകീ പതിതോദ്ധാരണം" (കുമാരനാശാൻ, എൻ., കുമാരനാശാൻ സമ്പൂർണ്ണ കൃതികൾ (ഭാഗം II) കുമാരനാശാൻ ദേശീയ സംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട് തോന്നയ്ക്കൽ, 2011 പുറം 171)

ജാതീയമായ പരാധീനതയിൽപ്പെട്ടു അവർണ്ണസമുദായങ്ങൾ ക്ലേശിക്കുമ്പോൾ വിമോചകനെപ്പോലെ എത്തിച്ചേർന്ന മഹത്ശക്തിയായിട്ടാണ് ആശാൻ ബ്രിട്ടീഷ് ഭരണത്തെ കണക്കാക്കിയത്.

## ദേശീയപ്രസ്ഥാനത്തോടുള്ള ആശാന്റെ സമീപനം

ആനിബസന്റ്, ഗോപാലകൃഷ്ണ ഗോഖലെ, ലാലാ ലജ്പത്റായി തുടങ്ങിയ ദേശീയ നേതാക്കളുടെ മഹത്തായ ആദർശങ്ങളെ ആ മഹാന്മാരുടെ ചിന്താഗതികൾക്കെതിരായി ദുർവിനിയോഗം ചെയ്യുന്നത് ആശാന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഗാന്ധിജിയോടുള്ള ആശാന്റെ മനോഭാവവും സവിശേഷ ശ്രദ്ധയർഹിക്കുന്നതാണ്.ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ വർണ്ണവിവേചനത്തിനെതിരെ നടത്തിയ സമരത്തെ ധാർമ്മികമായി പിൻതുണയ്ക്കാൻ ആശാൻ വിസമ്മതിച്ചിരുന്നു. കാരണം "അവിടെ ഒരു വെള്ളക്കാരനു ഇന്ത്യക്കാരൻ നോക്കെത്താത്ത ദൂരം വഴിമാറിക്കൊടുക്കണമോ? വെള്ളക്കാരൻ ഇന്ത്യക്കാരനെ തൊട്ടാൻ കുളിക്കണോ? ഇന്ത്യയിലെ ഈ ജാതിശല്യത്തോട് മേൽപ്പറഞ്ഞ മഹാപുരുഷന്മാർക്കു വല്ലതും ചെയ് വാൻ സാധിച്ചിട്ടുണ്ടോ?" (കുമാരനാശാൻ,എൻ,. വിവേകോദയം, 1095 വൃശ്ചികം) 'വന്ധ്യ എങ്ങനെ പ്രസവവേദന അറിയും' എന്നാണ് ആശാൻ ഇതിനെക്കുറിച്ച് പറയുന്നത്. എന്നാൽ ഇന്ത്യയിലെത്തി പ്രവർത്തനം ആരംഭിച്ചപ്പോൾ ആശാൻ ഗാന്ധിജിയോടുള്ള നയം ഉദാരമാക്കി. 1917-ലെ 'ശ്രീമാൻ ഗാന്ധിയും താഴ്ന്നജാതിക്കാരും' എന്ന മുഖപ്രസംഗത്തിൽ ഈ മാറ്റം ദൃശ്യമാണ്.

ഇന്ത്യൻ നാഷണൽ കോൺഗ്രസ് പോലെയുള്ള സംഘടനകളെ അംഗീകരിക്കുമ്പോഴും അതിൽ എല്ലാ വിഭാഗം ജനങ്ങൾക്കും ആവശ്യമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ എന്ന വിഷയത്തിൽ ആശാൻ ആശങ്കാകുലനായിരുന്നു. സ്വതന്ത്ര്യസമ്പാദനശ്രമങ്ങൾക്കു നേതൃത്വം നല്കുന്നവർ ഉയർന്ന ജാതി ഹിന്ദുക്കളാണെന്നു കണ്ടാൽ പിന്നോക്കവിഭാഗക്കാർക്കു സംശയം തോന്നുമെന്നായിരുന്നു ആശാന്റെ പക്ഷം. "ഇങ്ങനെയുള്ള കാര്യങ്ങളിൽ മുൻനിന്നു പ്രവർത്തിക്കുന്നത് ഉയർന്ന ജാതി ഹിന്ദുക്കളും മറ്റുമാണെന്ന് കണ്ടാൽ പിന്നോക്കക്കാർക്ക് ഒരു ആശങ്ക തോന്നുക പതിവാണ്. സാമൂഹ്യമായ അസ്വാതന്ത്ര്യമാണ് ഈ നാട്ടുകാർ അധികം അനുഭവിച്ചുവരുന്നത്. അതുകൊണ്ട് രാജ്യഭരണം കൂടി ജനങ്ങൾ എന്ന പേരിൽ ഏതാനും ജാതിയോഗ്യന്മാരുടെ കൈകളിലകപ്പെട്ടാൽ മറ്റു വർഗ്ഗക്കാരുടെ കഥ ഓട്ടിൽ നിന്നും അടുപ്പിലായിത്തീരും. അതുകൊണ്ട് മഹാജനസഭയെ ജനമഹാസഭയാക്കി തീർക്കാനാണ് തത്പ്രവർത്തകർ ശ്രമിക്കേണ്ടത്. അതുവരെ അവരുടെ വാദങ്ങൾക്കൊന്നും ജീവനുണ്ടാകുന്നതല്ല." (കുമാരനാശാൻ, എൻ. പ്രതിഭ, 1095 മകരം). കോൺഗ്രസ് ഒരു ബഹുജന സംഘടനയാക്കിയാൽ അദ്ദേഹം അതുമായി സഹകരിക്കുമെന്നാണല്ലോ ഇതിന്റെ പൊരുൾ.അയിത്തോച്ചാടനം, അധഃകൃതോദ്ധാരണം, ഹരിജനോദ്ധാരണം തുടങ്ങിയവ ഉൾപ്പെടുത്തി ഗാന്ധിജി സ്വാതന്ത്ര്യസമരപരിപാടികൾ പരിഷ്കരിച്ച് കോൺഗ്രസിനെ 'ജനമഹാസഭ'യാക്കാനുള്ളശ്രമങ്ങളിലേർപ്പെട്ടപ്പോൾ ആശാന്റെ നിലപാടുകളിൽ മാറ്റം വന്നതായും കാണുന്നു. 1920-നു ശേഷമെഴുതിയ കവിതകളിൽ 1921 ലെ 'പരിവർത്തനം', 1922 ലെ 'സ്വാതന്ത്ര്യഗാഥ', 1923-ലെ 'ഒരു ഉദ്ബോധനം', 'ഭാരതമയൂരം' തുടങ്ങിയ കവിതകളിൽ ഈ മാറ്റം ദൃശ്യമാണ്.

ആശാൻ ആ കാലത്തെ കവികളിൽനിന്നു ഭിന്നനായി സ്വാതന്ത്ര്യത്തെക്കുറിച്ചുരുവിടുമ്പോഴൊക്കെ സമത്വത്തെക്കുറിച്ചും ഓർമ്മിപ്പിക്കുന്നു. പരമ്പരാഗതമായ ജാതിവ്യവസ്ഥയുടെ ദുരിതാനുഭവങ്ങൾ

 ISSN No: 3049-0316


സദാ അനുഭവിച്ചുകൊണ്ടിരുന്ന അവർണ്ണ സമുദായത്തിന്റെ സാരഥിയായിരുന്ന ആശാൻ ആ അസ്വാതന്ത്ര്യത്തിനെതിരെയാണ് പാടിയത്. ഇന്നും മലയാളിയുടെ നാവിൽ തങ്ങി നില്ക്കുന്ന സ്വാതന്ത്ര്യഗീതം

'ഒരു ഉദ്ബോധന'മെന്ന കവിതയിലെ വരികൾ

“സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം"

(കുമാരനാശാൻ, എൻ. കുമാരനാശാൻ സമ്പൂർണ്ണകൃതികൾ (ഭാഗം II) കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, തോന്നയ്ക്കൽ, 2011, പുറം 287)

രചിച്ചത് ആശാനാണെന്നത് മറക്കാനാവില്ല. “ആശാന്റെ ആരാധനാപാത്രമായ ബുദ്ധഭഗവാന്റെ ജീവിതം ഈ ലോകത്തിൽ മനുഷ്യന് നേടാനാവുന്ന സ്വാതന്ത്ര്യത്തിന്റെ പരകോടിയെന്തെന്നു വിളംബരം ചെയ്യുന്നു. സ്വാർത്ഥതാല്പര്യങ്ങളിൽ നിന്നും മോഹങ്ങളിൽ നിന്നും പടിപടിയായി നേടുന്ന സ്വാതന്ത്ര്യമാണത്. ജീവന്മുക്താവസ്ഥ എന്ന് അതേക്കുറിച്ച് പറയാം. ബ്രഹ്മാണ്ഡത്തിലെ അപ്രധാന ഗോളങ്ങളിലൊന്നായ ഭൂമിയിൽ ജീവിക്കുന്ന നരനായ മനുഷ്യന് പ്രാപിക്കാൻ കഴിയുന്ന ഏറ്റവും ഉയർന്ന പദവിയാണത്. അതിനേക്കാൾ വലിയ സ്വാതന്ത്യം നിസ്സാരരായ മനുഷ്യന് നേടാനില്ല. അതത്രെ അമൃതം. (സാനു, എം. കെ. അശാന്തിയിൽ നിന്ന് ശാന്തിയിലേക്ക്, കറന്റ് ബുക്സ്, 2003, പുറം 233). ഈ അമൃതം നേടലാണ് സ്വാതന്ത്ര്യത്തിന്റെ പരകോടിയെന്ന് ആശാൻ വിശ്വസിക്കുന്നു.

ചുരുക്കത്തിൽ, ഇന്ദ്രിയവേദ്യമായ ഭൗതികസ്വാതന്ത്ര്യവും എല്ലാ പരിമിതികളിൽ നിന്നും അകന്നുനില്ക്കുന്ന ആത്മീയ സ്വാതന്ത്ര്യവും ആശാൻ ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളായാണ് കണക്കാക്കിയിരുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ വിമോചനസങ്കല്പം സ്വരാജ്യത്തിൽ മാത്രം ഒതുങ്ങിനിന്ന ദേശീയതയായിരുന്നില്ല. ജാതിയുടെ പേരിൽ പോരടിക്കുന്ന സവർണ്ണരിലേക്ക് അധികാരമെത്തിയാൽ പലവിധത്തിലുള്ള പാരതന്ത്ര്യങ്ങളനുഭവിച്ചു ക്ലേശിക്കുന്ന അവർണ്ണരുടെ അവസ്ഥ ദയനീയമാകും. ഈ സാഹചര്യത്തിലാണ് എല്ലാത്തരം കെട്ടുപാടുകളിൽ നിന്നും വിമുക്തമായ, ഉദാത്തമായൊരു വിമോചനസങ്കല്പം ആശാൻ സ്വപ്നം കണ്ടത്.

## സഹായകഗ്രന്ഥങ്ങൾ

1. കുമാരനാശാൻ, എൻ., കുമാരനാശാൻ സമ്പൂർണ്ണകൃതികൾ (ഭാഗം II) കുമാരനാശാൻ ദേശീയസാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, തോന്നയ്ക്കൽ, 2011,
2. കുമാരനാശാൻ, എൻ., കുമാരനാശാൻ സമ്പൂർണ്ണകൃതികൾ (ഭാഗം 4) കുമാരനാശാൻ ദേശീയസാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, തോന്നയ്ക്കൽ, 2011.
3. പ്രിയദർശൻ, ജി., ആശാൻ പഠനങ്ങൾ, ശാരദ ബുക്ക് ഡിപ്പോ. തോന്നയ്ക്കൽ, 1977.
4. സാനു. എം. കെ. അശാന്തിയിൽനിന്ന് ശാന്തിയിലേയ്ക്ക്, കറന്റ് ബുക്സ്, 2003.

## ആനുകാലികങ്ങൾ

1. പ്രതിഭ, 1095 മകരം ലക്കം.
2. ഭാഷാപോഷിണി, ഒക്ടോബർ-നവംബർ ലക്കം. 1980.
3. വിവേകോദയം, 1054 തുലാം ലക്കം.
4. 1082 വൃശ്ചികം ലക്കം
5. 1086 മിഥുനം ലക്കം.
6. 1083 തുലാം ലക്കം.
7. 1095 വൃശ്ചികം ലക്കം.
8. സ്വദേശാഭിമാനി, 1083 കുംഭം ലക്കം.